സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, കാനറ ബാങ്ക് എന്നീ ബാങ്കുകൾ മുഖേന ഡയറക്ട് നെറ്റ് ബാങ്കിംഗ് സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്. ഡയറക്ട് നെറ്റ് ബാങ്കിംഗ് വഴി ഓൺ ലൈനായി പണമടയ്ക്കുന്ന വൈദ്യുതി ഉപഭോക്താക്കൾക്ക് സർവ്വീസ് ചാർജ്ജ് നൽകാതെ തന്നെ വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയും. ഈ സംവിധാനം കൂടുതൽ ബാങ്കുകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തു വരികയാണ്.

(ഡി) വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്ന സംവിധാനം നടപ്പാക്കുന്നതിന്റെ ഭാഗമായി, ഉപഭോക്താക്കൾക്ക് സംശയനിവാരണത്തിനും പരാതികൾ പരിഹരിക്കുന്നതിനുമുള്ള സേവനം, ആർ.എ.പി.ഡി.ആർ.പി. പദ്ധതിയുടെ ഭാഗമായി വൈദ്യുതി ബോർഡ് ആരംഭിച്ചിട്ടുള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന കസ്റ്റമർ കെയർ സെന്ററ്വഴി നൽകി വരുന്നു. 1912 എന്ന ടെലിഫോൺ നമ്പർ വഴിയും ഇ-മെയിൽ വഴിയും ഈ വിഭാഗവുമായി ബന്ധപ്പെടാൻ കഴിയും. വൈദ്യുതി ബോർഡിലെ ബില്ലിംഗിനായി ഉപയോഗിക്കുന്ന സോഫ്റ്റ്വെയറിൽ വേണ്ട മാറ്റങ്ങൾ വരുത്തി എല്ലാ സെക്ഷൻ ഓഫീസുകളിലും വിന്യസിച്ചിട്ടുണ്ട്. വൈദ്യുതി ബോർഡിലെ എല്ലാ ഡിവിഷൻ ഓഫീസുകളും (66) കേന്ദ്രീകരിച്ച് മീറ്റിംഗുകൾ വിളിച്ചു കൂട്ടുകയും ഓൺലൈൻ സംവിധാനവുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്ന ജീവനക്കാർക്ക് ഈ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നതിനുവേണ്ടി ചെയ്യേണ്ട കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്.

പ്രതിമാസ റവന്യൂ കമ്മി

30 (*210) ഡോ. കെ. ടി. ജലീൽ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) നിലവിൽ സംസ്ഥാനത്തെ പ്രതിമാസ റവന്യൂ കമ്മി പരിശോധിച്ചിട്ടുണ്ടോ ;

(ബി) ബഡ്ജറ്റിൽ പ്രതീക്ഷിച്ചിരുന്നതിലും ഉയർന്ന തോതിൽ റവന്യൂ കമ്മി വർദ്ധിക്കുമെന്ന അഭിപ്രായം വിലയിരുത്തിയിട്ടുണ്ടോ ;

(സി) റവന്യൂ കമ്മി വർദ്ധിക്കാനുണ്ടായ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ;

(ഡി) ക്രമാതീതമായി വർദ്ധിക്കുന്ന കമ്മി വികസന പ്രവർത്തനങ്ങളെയടക്കം ഏതെല്ലാം രീതിയിൽ പ്രതികൂലമായി ബാധിക്കുമെന്ന് അവലോകനം നടത്തിയിട്ടുണ്ടോ ;

(ഇ) പൊതുവിപണിയിൽ നിന്നും കടമെടുക്കുന്ന പണം എന്തെല്ലാം കാര്യങ്ങൾക്കാണ് സാധാരണയായി ഉപയോഗിച്ചുപോരുന്നത് ; ദൈനംദിന ചെലവിന് കടമെടുത്ത തുക വിനിയോഗിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) സംസ്ഥാനത്തെ പ്രതിമാസ റവന്യൂ കമ്മി വിലയിരുത്താറുണ്ട്.

(ബി&സി) സംസ്ഥാന സമ്പദ് വ്യവസ്ഥയെ പൊതുവിൽ ബാധിച്ചിട്ടുള്ള മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ മൊത്തം ആഭ്യന്തര ഉപഭോഗത്തിൽ ഉണ്ടായ കുറവ് സംസ്ഥാന റവന്യൂ വരുമാന വളർച്ചയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. അവശ്യ സാധനങ്ങൾ, മരുന്നുകൾ എന്നിവയ്ക്ക് ഏർപ്പെടുത്തിയ നികുതിയിളവുകൾ, സ്റ്റാമ്പ് ഡ്യൂട്ടിയിൽ വരുത്തിയിരുന്ന ഇളവ്, ഭൂമി ക്രയവിക്രയത്തിലുണ്ടായ ഇടിവ്, മദ്യവിൽപ്പനയിലുണ്ടായ കുറവ്, വാഹന വില്പന മേഖലയിലെ മാന്ദ്യം, കാർഷിക നാണ്യവിളകളുടെ വിലയിടിവ് എന്നിവയും റവന്യൂ വരുമാന വളർച്ചാ നിരക്കിൽ കുറവു വരുന്നതിന് കാരണമായിട്ടുണ്ട്. കൂടാതെ കേന്ദ്ര നികുതി വിഹിതത്തിലും കേന്ദ്ര ധനസഹായത്തിലും പ്രതീക്ഷിച്ച തോതിലുള്ള വരവ് ലഭിക്കാത്തതും ശമ്പളം, പെൻഷൻ, പലിശ എന്നീ ചെലവിനങ്ങളിലുണ്ടായ വർദ്ധനവ്, സാമൂഹ്യ സുരക്ഷാ പദ്ധതികൾ, വികസന പദ്ധതികൾ എന്നീ മേഖലകളിൽ കൂടുതൽ തുക അനുവദിച്ചതുമൂലമുണ്ടായ അധിക ചെലവ് എന്നിവയുടെ ഫലമായി റവന്യൂ ചെലവിലുണ്ടായ വർദ്ധനവും പ്രതീക്ഷിച്ചതിനേക്കാൾ ഉയർന്ന തോതിലുള്ള റവന്യൂ കമ്മിക്ക് ഇടയാക്കുമെന്ന് വിലയിരുത്തപ്പെടുന്നു.

(ഡി) റവന്യൂ വരുമാനത്തിലുണ്ടാകുന്ന വളർച്ച മുരടിപ്പ് വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ അധിക വിഭവ സമാഹരണ മാർഗ്ഗങ്ങൾ അവലംബിച്ചിട്ടുണ്ട്. നിലവിലുള്ള നികുതി/നികുതിയേതര കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചുകൊണ്ടും നികുതി പിരിവ് കാര്യക്ഷമമാക്കിയും നികുതി ചോർച്ച തടയുന്നതിനുള്ള കർശന നടപടികൾ സ്വീകരിച്ചും, നികുതിയേതര നിരക്കുകൾ കാലോചിതമായി പരിഷ്കരിച്ചുമാണ് വികസന പ്രവർത്തനങ്ങൾക്കുള്ള ചെലവുകൾ തടസ്സം കൂടാതെ നിർവ്വഹിക്കുന്നതിനുള്ള തുകകൾ കണ്ടെത്താൻ ഉദ്ദേശിക്കുന്നത്.

(ഇ) പൊതുവിപണിയിൽ നിന്ന് കടമെടുക്കുന്ന പണം വികസന പ്രവർത്തനങ്ങൾക്കും അതിനോടനുബന്ധമായ ദൈനംദിന പ്രവർത്തനങ്ങൾക്കുമാണ് വിനിയോഗിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly